**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ : അനുപമ റ്റി വി IAS)**

വിഷയം : വനിത ശിശുവികസന വകുപ്പ്- ഡയറക്ടറേറ്റ് - Early Detection of Disability- നോഡൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:

**ഉത്തരവ് നമ്പർ ICDS/A5-8573/19. തീയതി: 17/03/2020**

കുഞ്ഞുങ്ങളിലെ വൈകല്യങ്ങൾ, വളർച്ച മുരടിപ്പ്, കുട്ടികളിലെ പോഷകാഹാര പ്രശ്നങ്ങൾ, എന്നിവ പ്രാരംഭ ദിശയിൽ കണ്ടെത്തുക, തുടർ ചികിൽസ/തെറാപ്പി നൽകി വൈകല്യത്തിന്റെ തോത് കുറയ്ക്കുക എന്നതുമാണ് Early Detection Disability പദ്ധതിയുടെ ലക്ഷ്യം. ആയതിലേയ്ക്കായി എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും സൂപ്പർവൈസർമാർക്കും ആയതിനുള്ള പരിശീലനം നൽകുകയും ടി പരിശീലനം ലഭിയ്ക്കുന്ന മാസ്റ്റർ ട്രെയിനർമാരായ ശിശു വികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവരെ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ അങ്കണവാടി വർക്കർമാർക്കും ടി പരിശീലനം നൽകുകയും പരിശീലനം ലഭിയ്ക്കുന്ന വർക്കർമാർ അവരുടെ പരിധിയിൽ വരുന്ന 3 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുഞ്ഞുങ്ങളേയും സ്ക്രീൻ ചെയ്യേണ്ടതും കുഞ്ഞുങ്ങളിലെ വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും രക്ഷിതാക്കളെ അത് ബോദ്ധ്യപ്പെടുത്തി ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിലേയ്ക്ക് തുടർ പരിശോധനകൾക്കായി റഫർ ചെയ്യേണ്ടതുമാണ്. ഇതിലൂടെ സമൂഹത്തിൽ വൈകല്യങ്ങളുടെ തീവ്രത ഒരു പരിധിവരെ കുറയ്ക്കുവാനും കഴിയുന്നു.

പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നേടണമെങ്കിൽ ഈ വിഷയത്തിൽ വ്യക്തമായ മോണിറ്ററിംഗ് ആവശ്യമാണ്. ആയതിലേയ്ക്കായി എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരെയും ഈ പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരായും പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ Iനെ സ്റ്റേറ്റ് നോഡൽ ഓഫീസറായും നിയമിച്ച് ഉത്തരവാകുന്നു.

എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും ജില്ലാതല റിവ്യൂവിൽ ഈ വിഷയം ചർച്ച ചെയ്യേണ്ടതും എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുൻപ് ജില്ലയിലെ ഏർളി ഡിറ്റക്ഷൻ ഓഫ് ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച Evaluation റിപ്പോർട്ട്

നിർദ്ദിഷ്ട പ്രൊഫോർമയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു. സ്റ്റേറ്റ് നോഡൽ ഓഫീസർ കൺസോളിഡേറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആവശ്യമായ തുടർ പ്രവർത്തനം നടത്തേണ്ടതും റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

**ഒപ്പ്**
**വനിത ശിശു വികസന ഡയറക്ടർ**

പ്രേമ്ന മനോജ് ശങ്കർ
സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ I

**പകർപ്പ് :**

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. Web-site പ്രസിദ്ധീകരണത്തിന്
4. സ്പെയർ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

## ഏർലി ഡിറ്റക്ഷൻ ഓഫ് ഡിസ്എബിലിറ്റീസ്(EDD) –ശിശുവികസന പദ്ധതി ഓഫീസ്

## പ്രതിമാസ റിപ്പോർട്ട്

| പ്രോജക്ട്- | | | | | | | | റിപ്പോർട്ട് ചെയ്യുന്ന മാസം | | | | | | | ജില്ല | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | തൻമാസം EDD സർവ്വേ ചെയ്ത കുട്ടികളുടെ എണ്ണം | | തൻമാസം Delay/Disability കണ്ടെത്തിയ കുട്ടികളുടെ എണ്ണം | | പഞ്ചായത്തിൽ കണ്ടെത്തിയ Delay/Disability ഉള്ള കുട്ടികളുടെ ആകെഎണ്ണം | | ആകെ കണ്ടെത്തിയ വരിൽ വിദഗ്ധ ചികിത്സക്ക് റഫർ ചെയ്ത കുട്ടികളുടെ എണ്ണം | | ആകെ കണ്ടെത്തിയവരിൽ വിദഗ്ധ ചികിത്സ തേടിയ കുട്ടികളുടെ എണ്ണം | | Delay/Disability സ്ഥിരീകരിച്ച കുട്ടികളുടെ എണ്ണം | | നടത്തിയ Follow up കളുടെ എണ്ണം | | അഭിപ്രായം | | |
| | | 0-1 | 1-3 | 0-1 | 1-3 | 0-1 | 1-3 | 0-1 | 1-3 | 0-1 | 1-3 | 0-1 | 1-3 | 0-1 | 1-3 | | | |
| | | | | | | | | | | | | | | | | | | |
| | ആകെ | | | | | | | | | | | | | | | | | |

(ഒപ്പ്)

**ശിശുവികസന പദ്ധതി ആഫീസർ**

JJ//